

# കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ



## ഇ-ന്യൂസ്ലെറ്റർ
ഡിസംബർ 2016





# ഹരിതകേരളം പദ്ധതി



കേരള സർക്കാരിന്റെ നവ കേരള മിഷൻ കോർപ്പറേഷൻ തലത്തിൽ നടപ്പിലാക്കുന്ന ഹരിതകേരളം പദ്ധതിയുടെ ഉദ്ഘാടനം ഡിസംബർ 8-ാം തിയ്യതി രാവിലെ സരോവരം ബയോപാർക്കിൽ വെച്ച് മലയാളത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാരൻ ശ്രീ. എം.ടി. വാസുദേവൻ നായർ നിർവഹിച്ചു.



ചടങ്ങിൽ ബഹു.എക്സൈസ് തൊഴിൽ വകുപ്പ് മന്ത്രി ശ്രീ. ടി.പി. രാമകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. മേയർ ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ, ആരോഗ്യ സ്ഥിരം സമിതി ചെയർമാൻ ശ്രീ. കെ .വി ബാബുരാജ്, സെക്രട്ടറി ശ്രീമതി. മൃൺമയി ജോഷി ഐ.എ.എസ്, കൗൺസിലർമാർ, ഹെൽത്ത് വിഭാഗം ജീവനക്കാർ എന്നിവർ സംബന്ധിച്ചു. തുടർന്ന് സരോവരം ബയോപാർക്ക്, കനാലുകൾ എന്നിവ വിദ്യാർത്ഥികൾ, കോർപ്പറേഷൻ തൊഴിലാളികൾ, സന്നദ്ധ സംഘടനാ പ്രവർത്തകർ എന്നിവരുടെ സഹകരണത്തോടെ വൃത്തിയാക്കി.



ഹരിതകേരളം പദ്ധതിയുടെ ഭാഗമായി നവംബർ 1 ന് റൈസിങ്ങ് കേരള കോഴിക്കോട്, NSS എന്നിവയുടെ സഹകരണത്തോടെ കോർപ്പറേഷൻ പരിധിക്കകത്തെ കനോലി കനാൽ, ബീച്ച് ഏരിയ, തോടുകൾ എന്നിവ മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി മാലിന്യങ്ങൾ, പ്ലാസ്റ്റിക് വേസ്റ്റ് എന്നിവ നീക്കം ചെയ്തു വൃത്തിയാക്കി. ഈ പ്രവർത്തിയുടെ കോർപ്പറേഷൻ തല ഉദ്ഘാടനം ബഹു. മേയർ തോട്ടത്തിൽ രവീന്ദ്രൻ നിർവഹിച്ചു. ഹെൽത്ത് സ്റ്റാന്റിങ്ങ് കമ്മിറ്റിചെയർമാൻ ശ്രീ. കെ.വി. ബാബുരാജ് എന്നിവർ സംസാരിച്ചു. തുടർന്ന് സരോവരം കനോലി കനാൽ, സൗത്ത് ബീച്ച് മുതൽ പുതിയപാലം വരെയുള്ള കടൽ തീരം , കപ്പക്കൽ ബീച്ച് എന്നിവ വൃത്തിയാക്കി. റൈസിങ്ങ് കേരള ഭാരവാഹികൾ, NSS കോർഡിനേറ്റർമാർ,

200 ഓളം വിദ്യാർത്ഥികൾ, ഹെൽത്ത് സ്റ്റാന്റിങ്ങ് കമ്മിറ്റി അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

## പരസ്യ വിസർജനരഹിത നഗരസഭ

പരസ്യ വിസർജനമില്ലാത്ത നഗരസഭയായി കോഴിക്കോടിനെ പ്രഖ്യാപിച്ചു. ടൗൺഹാളിൽ ഒക്ടോബർ 30 ന് ബഹു.എം.എൽ.എ ശ്രി.എ. പ്രദീപ് കുമാർ പ്രഖ്യാപനം നിർവഹിച്ചു. ശുചിത്വ ബോധവൽക്കരണം ലക്ഷ്യമിട്ടു നഗരസഭ സ്വച്ച് ഭാരത് മിഷൻ നിർമ്മിച്ച ശുചിത്വഭൂമി ടെലിഫിലിം സിഡി പ്രകാശനവും ഇതോടൊപ്പം നടന്നു.




കോഴിക്കോട് നഗരസഭ സ്വച്ഛ് ഭാരത് മിഷൻ സമ്പൂർണ്ണ പരസ്യ വിസർജന രഹിത നഗരസഭ പ്രഖ്യാപനം എം.എൽ.എ. എ.പ്രദീപ്കുമാർ നിർവ്വഹിക്കുന്നു

പദ്ധതി നടപ്പാകുന്നതിന്റെ ഭാഗമായി 1503 ശുചിമുറികളാണ് പുതുതായി നിർമ്മിച്ചത്. ശുചി മുറി തീരെ ഇല്ലാത്ത 911 വീടുകളിലും ശുചിമുറി ജീർണ്ണിച്ചതാണെന്നു കണ്ടെത്തിയ 592 വീടുകളിലുമാണ് ഇവ പുതുതായി നിർമ്മിച്ചിരിക്കുന്നത്. കേന്ദ്രസർക്കാർ വിഹിതമായി 4000 രൂപയും സംസ്ഥാന സർക്കാർ വിഹിതമായി 1333 രൂപയും നഗരസഭാ വിഹിതമായി 10,067 രൂപയും അടക്കം 15,400 രൂപയാണ് ഗുണഭോക്താവിനു ഗാർഹിക ശുചിമുറി നിർമാണത്തിനു നൽകിയത്.



ഗുണഭോക്താക്കളുടെ അടിസ്ഥാന വിവരങ്ങൾ അക്ഷയകേന്ദ്രം വഴി ഡേറ്റാ എൻട്രി ചെയ്യുകയും തുടർന്ന് ഇതു പരിശോധിച്ച് അംഗീകരിച്ചശേഷം പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഒന്നാം ഗഡുവായി 5000 രൂപ നൽകുകയും തുടർന്ന് പണി പൂർത്തീകരിച്ച് ഫോട്ടോ അപ്ലോഡ് ചെയ്ത് സ്വച്ഭാരത് മിഷന്റെ അംഗീകാരം ലഭ്യമായ മുറക്ക് രണ്ടാം ഗഡുവായി 10,400 രൂപയും നൽകിയിരുന്നു.

പദ്ധതിയുടെ ഭാഗമായി നഗരസഭയിലെ കുണ്ടായിത്തോട് ചേരിക്കു സമീപം, കപ്പക്കൽ ചേരിക്കു സമീപം, ശാന്തി നഗർ കോളനി, വെസ്റ്റ്ഹിൽ, ചക്കുംകടവ് കോളനി, പയ്യാനക്കൽ കോളനി, 64 -ാം വാർഡിലെ സിഡിഎ കോളനി, കല്ലുത്താൻ കടവ് കോളനി, കോട്ടൂളി ജംക്ഷൻ, കനോലികനാലിനു സമീപം എന്നിവിടങ്ങളിൽ സമൂഹ ശുചിമുറി നിർമ്മിക്കുന്നതിനു കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

**ജീവനം മൂന്നാംഘട്ടം പ്രവർത്തനം ആരംഭിച്ചു.**



കോഴിക്കോട് നഗരസഭ മേഖലയിലെ മുഴുവൻ സ്ത്രീകളെയും ലക്ഷ്യമിട്ടുകൊണ്ടുള്ള സമഗ്ര ക്യാൻസർ നിയന്ത്രണ പദ്ധതിയായ ജീവനത്തിന്റെ മൂന്നാംഘട്ടം ഡിസംബർ 10 ന് ബഹു. ആരോഗ്യമന്ത്രി ശ്രീമതി കെ.കെ. ഷൈലജ ടീച്ചർ ഉദ്ഘാടനം ചെയ്തു.

സ്ത്രീകളിലെ ഗർഭാശയ, സ്തനാർബുധ ക്യാൻസർ നിവാരണം ലക്ഷ്യമാക്കി കണ്ണൂർ ആസ്ഥാനമായ മലബാർ ക്യാൻസർ കെയർ സൊസൈറ്റിയുടെയും എക്സാത്ത് എച്ച് ആർ ട്രെയിനിങ്ങ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സഹകരണത്തോടെ 2011-12, 2013-14 വർഷങ്ങളിലാണ് ഇതിന്റെ ഒന്നും രണ്ടും ഘട്ടങ്ങൾ നടപ്പാക്കിയിരുന്നത്. എസ്.ജെ.എസ് ആർവൈ ഫണ്ട് ഉപയോഗിച്ച് പദ്ധതിയുടെ ഒന്നാംഘട്ടവും നഗരസഭ ഫണ്ട് ഉപയോഗിച്ച് പദ്ധതിയുടെ രണ്ടാംഘട്ടവും നടപ്പാക്കിയിരുന്നു. 40 ലക്ഷം രൂപ ഇതിനായി ഉപയോഗിക്കുകയും മെഗാ ക്യാമ്പുകൾ ഉൾപ്പടെ 7 സ്ക്രീനിങ്ങ് ക്യാമ്പുകളും സംഘടിപ്പിക്കുകയും ചെയ്തു. ക്യാമ്പിലൂടെ കണ്ടെത്തിയ രോഗികൾക്ക് വിദഗ്ധ ചികിത്സ ഉൾപ്പടെ നൽകിയിരുന്നു.

സമൂഹത്തിൽ ക്യാൻസർ രോഗവ്യാപനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പൊതുജന പങ്കാളിത്തത്തോടെയാണ് ജീവനത്തിന്റെ മൂന്നാംഘട്ടം നടപ്പാക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി രോഗനിർണയം കണ്ടെത്തുന്നതിനുള്ള മെഡിക്കൽ ക്യാമ്പുകളും രോഗികൾക്കുള്ള സൗജന്യ മെഡിസിൻ സെന്ററും പ്രവർത്തനം ആരംഭിച്ചു.



പഴയ കോർപ്പറേഷൻ കെട്ടിടത്തിൽ എല്ലാ ദിവസവും വൈകുന്നേരം 3 മണി മുതൽ 5 മണിവരെയായിരിക്കും സെന്ററിന്റെ പ്രവർത്തനം. ക്യാൻസർ മരുന്നുകൾ കൂടാതെ അത്യാവശ്യം ജീവിത ശൈലി രോഗങ്ങൾക്കുള്ള മരുന്നുകളും സെന്ററിൽ ലഭ്യമാകും. ഉപയോഗിച്ച മൂന്ന് മാസത്തിൽ കുറയാത്ത കാലാവധിയെങ്കിലും ബാക്കിയുള്ള എല്ലാ മെഡിസിനുകളും സെന്ററിലെക്ക് സംഭാവന നൽകാവുന്നതാണ്. അത്തരം ശേഖരങ്ങൾ കൂടുതലുള്ള സ്ഥലങ്ങളിൽ ഇ പറയുന്ന ഫോൺ നമ്പറിൽ

9747304214 ബന്ധപ്പെട്ടാൽ ഞങ്ങളുടെ പ്രതിനിധി വന്ന് മെഡിസിൻ ശേഖരിക്കും. ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് സന്നദ്ധ സംഘടനകൾ റസിഡന്റ് അസോസിയേഷൻ, ചാരിറ്റി ഓർഗനൈസേഷനുകൾ എന്നിവരുടെ സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

## നഗരത്തിലെ അജൈവ മാലിന്യങ്ങൾ തരംതിരിച്ച് നീക്കം ചെയ്തു.

ഗാന്ധി ജയന്തി ദിനത്തോട് അനുബന്ധിച്ചു ഒക്ടോബർ 2ന് കോർപ്പറേഷൻ പരിധിയിലെ വിവിധ വാർഡുകളിലും പൊതു സ്ഥലത്തും അലക്ഷ്യമായി നിക്ഷേപിച്ചിരുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ (റക്സിൻ, തുണിക്കഷണങ്ങൾ, ട്യൂബ്, ബൾബ് മുതലായവ) തരംതിരിച്ച് നിറവ് വേങ്ങേരിയുടെ സഹകരണത്തോടെ 48 ലോഡ് സംസ്കരണത്തിനായി നീക്കം ചെയ്തു.



ഇതിന്റെ ഫ്ളാഗ് ഓഫ് കർമ്മം ബഹു.മേയർ ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ പാളയം മാർക്കറ്റിൽ വെച്ച് നിർവ്വഹിച്ചു.

ചടങ്ങിൽ ആരോഗ്യ സ്ഥിരം സമിതി ചെയർമാൻ കെ.വി ബാബുരാജ്, ഡെപ്യൂട്ടി മേയർ മീരാ ദർശക്, കൗൺസിലർമാർ, സെക്രട്ടറി ശ്രീ.ടി.പി. സതീശൻ, ഹെൽത്ത് സൂപ്രണ്ട് കെ . ദേവി, ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## ഉപയോഗ ശൂന്യമായ 4 ടൺ ചെരുപ്പുകൾ നീക്കം ചെയ്തു

കോഴിക്കോട് കോർപ്പറേഷൻ, റൈസിങ്ങ് കേരള കോഴിക്കോട് എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ കോഴിക്കോട് കോർപ്പറേഷൻ പരിധിക്കകത്തെ റസി.അസോസിയേഷനുകൾ വഴി ശേഖരിച്ച പഴയതും ഉപയോഗ ശൂന്യമായതുമായ 4 ടൺ ചെരുപ്പുകൾ നീക്കം ചെയ്തു.

ഇതിന്റെ കോർപ്പറേഷൻ തല ഉദ്ഘാടനം നവംബർ 16ന് ബഹു.മേയർ തോട്ടത്തിൽ രവീന്ദ്രൻ ഫ്ളാഗ് ഓഫ് ചെയ്തു നിർവഹിച്ചു. ചടങ്ങിൽ റൈസിംങ്ങ് കേരളയുടെ ഭാരവാഹികൾ, ആരോഗ്യ സ്ഥിരം സമിതി ചെയർമാൻ കെ.വി ബാബുരാജ്, സീനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.കെ. ശിവദാസ്, ഹെൽത്ത് സ്റ്റാന്റിങ്ങ് കമ്മിറ്റി അംഗങ്ങൾ എന്നിവർ സംസാരിച്ചു.

**ഹെൽത്ത്കെയർ എക്യുപ്മെന്റ് സെന്റർ പ്രവർത്തനമാരംഭിച്ചു.**

കോഴിക്കോട് കോർപ്പറേഷൻ കുടുംബശ്രീ സി.ഡി..എസിന്റെ ആഭിമുഖ്യത്തിൽ നിർദ്ധനരും നിരാംലംബകരുമായ രോഗികൾക്കായുള്ള മെഡിക്കൽ ഹെൽത്ത് കെയർ എക്യുപ്മെന്റ്സെന്റർ ഡിസംബർ 10 ന് പ്രവർത്തനമാരംഭിച്ചു.



കോഴിക്കോട് കോർപ്പറേഷൻ സി.ഡി.എസിന്റെ ആഭിമുഖ്യത്തിൽ ഹെൽത്ത് കെയർ എക്യപ്മെന്റ് സെ ഡെപ്യൂട്ടി മേയർ മീരാദർശക് ഉദ്ഘാടനം ചെയ്യുന്നു

ഡെപ്യൂട്ടി മേയർ മീരാദർശക് സെന്റർ ഉദ്ഘാടനം ചെയ്തു. ദിവസവും ഉച്ചയ്ക്ക് രണ്ടുമുതൽ വൈകുന്നേരം അഞ്ചുവരെയാണ് പ്രവർത്തനസമയം. പൊതുജനപങ്കാളിത്തത്തോടെയും നഗരത്തിലെ സാമൂഹ്യ സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെയാണ് കേന്ദ്രം പ്രവർത്തിക്കുന്നത്.

വീൽ ചെയർ, വാട്ടർബെഡ്, എയർബെഡ്, സ്ട്രച്ചർ, ബി.പി. അപ്പാരൽ, കമ്മോഡ് സ്റ്റൂൾ ചെയർ, വാക്കിങ്ങ് സ്റ്റിക്, ഇൻഫ്രാറെഡ്സെറ്റ്, ബ്ലഡ് പ്രഷർ മോണിറ്റർ , നെബുലൈസർ, ക്രെച്ചസ് എൽബ, തുടങ്ങിയവയുടെ സഹായം എക്യുപ്മെന്റ്സെന്റർ നിന്ന് ലഭിക്കും. ആവശ്യമുള്ളവർ വാർഡ് കൗൺസിലറുടെ സാക്ഷ്യപത്രവും വരുമാനസർട്ടിഫിക്കററുമായി കുടുംബശ്രി സി.ഡി. എസ് മുഖേന അപേക്ഷിക്കാം.

**നടപ്പാലം തയ്യിൽത്താഴം റോഡ് ഉദ്ഘാടനം ചെയ്തു.**



കോഴിക്കോട് കോർപ്പറേഷന്റെയും കുന്ദമംഗലം ഗ്രാമപഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്നതും, അതേ സമയം പ്രദേശവാസികൾക്ക് എളുപ്പത്തിൽ സ്ഥലത്തെ പ്രധാന വാണിജ്യ കേന്ദ്രമായ കുറ്റിക്കാട്ടൂരിനെ ബന്ധിപ്പിക്കുന്നതുമായ നടപ്പാലം തയ്യിൽത്താഴം റോഡ് ഡിസംബർ 28 ന് ബഹു. മേയർ തോട്ടത്തിൽ രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു.

400 മീറ്റർ നീളത്തിലും, 4 മീറ്റർ വീതിയിലും സോളിങ്ങ്, മെറ്റലിംഗ്, ടാറിംഗ് നടത്തുകയും, കൂടാതെ കാൽനടയാത്രക്കാരുടെയും, വാഹനയാത്രക്കാരുടെയും സുരക്ഷയ്ക്കായി റോഡിന്റെ സൈഡിലുള്ള തോടിന് ഗാർഡ് സ്റ്റോണുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

## സ്വാപ് ഷോപ്

ഹരിതകേരളം പദ്ധതിയുടെ ഭാഗമായി കോഴിക്കോട് കോർപ്പറേഷനിലെ 51 മുതൽ 75 വരെ വാർഡുകളിൽ നിന്നും ശേഖരിച്ച സ്വാപ് സാധനങ്ങളുടെ പ്രദർശനവും വിതരണവും ഡിസംബർ 8-ാം തിയ്യതി രാവിലെ കണ്ടം കുളം ജൂബിലി ഹാളിൽ പ്രത്യേകം സജ്ജീകരിച്ച സ്വാപ് ഷോപ്പിൽ വെച്ച് ബഹു. മേയർ തോട്ടത്തിൽ രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു.

ചടങ്ങിൽ ബഹു. ഡെപ്യൂട്ടി മേയർ ശ്രീമതി മീരാദർശക് അദ്ധ്യക്ഷത വഹിച്ചു. ആരോഗ്യം സ്ഥിരം കമ്മിറ്റി ചെയർമാൻ ശ്രീ. കെ .വി ബാബുരാജ്, കോർപ്പറേഷൻ സെക്രട്ടറി ശ്രീമതി. മൃൺമയി ജോഷി ഐ.എ.എസ് , ഹെൽത്ത് സൂപ്രണ്ട് ശ്രീമതി. കെ ദേവി, കുടുംബശ്രീ പ്രൊജക്ട് ഓഫീസർ റംസി ഇസ്മയിൽ, ശുചിത്വ മിഷൻ പ്രോഗ്രാം ഓഫീസർ കൃപ വാര്യർ, സീനിയർ ഹെൽത്ത് ഇൻസ്പെക്ടർ കെ. ശിവദാസ് എന്നിവർ ചടങ്ങിൽ സംസാരിച്ചു. 25 മുതൽ 50 വരെയുള്ള വാർഡുകളിൽ നിന്ന് ശേഖരിച്ച സാധനങ്ങൾ 15/12/2016 തിയ്യതിക്കും 1 മുതൽ 25 വാർഡുകളിൽ നിന്ന് ശേഖരിച്ച സ്വാപ് സാധനങ്ങളുടെ വിതരണം 22-ാം തിയ്യതിയും ജൂബിലി ഹാളിലെ സ്വാപ് ഷോപ്പിൽ വെച്ച് നടന്നു.







## ബാലസഭാ -മോക് പാർലമെന്റ്

കോഴിക്കോട് കോർപ്പറേഷൻ കുടുംബശ്രീ സിഡിഎസിന്റെ ആഭിമുഖ്യത്തിൽ ശിശുദിനത്തോടനുബന്ധിച്ച് നവംബർ 14 ന് ഇൻഡോർസ്റ്റേഡിയത്തിൽ വെച്ച് ബാലസഭാ കുട്ടികളെ പങ്കെടുപ്പിച്ച് ഒരു "മോക്പാർലമെന്റ്" സംഘടിപ്പിച്ചു.

ബഹു.ഗതാഗത വകുപ്പ് മന്ത്രി എ.കെ.ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു. ബഹു. മേയർ ശ്രീ തോട്ടത്തിൽ രവീന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. ഡിസ്ട്രിക് പോലീസ് ചീഫ് ശ്രീമതി, ഉമ ബെഹ്റ ഐ.പി.എസ് ബാലവകാശ കമ്മിഷൻ ചെയർമാൻ അഡ്വ. കെ.നസീർ, സംസ്ഥാന ചലച്ചിത്ര ബാല

താരം അവാർഡ് ജേതാവ് കുമാരി. അന്ന ഫാത്തിമ തുടങ്ങിയവർ വിശിഷ്ടാതിഥികളായി ചടങ്ങിൽ സംബന്ധിച്ചു. കൂടാതെ കോർപ്പറേഷൻ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ, കോർപ്പറേഷൻ സെക്രട്ടറി, കുടുംബശ്രീ ജില്ലാ കോ-ഓർഡിനേറ്റർ എന്നിവർ ചടങ്ങിൽ സംസാരിച്ചു.





## പ്ലാസ്റ്റിക് വേസ്റ്റ് മേനേജ്മെന്റ് റൂൾസ് 2016 – ശിൽപശാല



പ്ലാസ്റ്റിക് വേസ്റ്റ് മേനേജ്മെന്റ് റൂൾസ് 2016 – നടപ്പിലാക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷൻ കൗൺസിലർമാർ ഹെൽത്ത് ഇൻസ്പെക്ടർമാർ, സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻമാർ എന്നിവർക്കായി ഒരു ഏകദിന ശില്പശാല കൗൺസിൽ ഹാളിൽ വെച്ച് ബഹു. ഡെപ്യൂട്ടി മേയർ മീരാ ദർശക് ഉദ്ഘാടനം ചെയ്തു.

ചടങ്ങിൽ ആരോഗ്യ സ്ഥിരംസമിതി കമ്മിറ്റി ചെയർമാൻ ശ്രീ. കെ.വി.ബാബുരാജ് അദ്ധ്യക്ഷത വഹിച്ചു. കണ്ണൂർ ഹെൽത്ത് സൂപ്രണ്ട് ശ്രീ. ഗിരീഷ് പ്ലാസ്റ്റിക് വേസ്റ്റ് മേനേജ്മെന്റ് റൂൾസ് 2016– നെക്കുറിച്ച് ക്ലാസെടുത്തു.